# മലങ്കര മ്ശൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ : 10**

***നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.***

കർത്താവിൽ വാത്സല്യമുള്ളവരെ,

ദൈവരാജ്യത്തിന്റെ അടയാളവും കൂദാശയുമായി ഈ ലോകത്തിൽ ശുശ്രൂഷ നിറവേറ്റുവാനുള്ള വിളിയാണ് സഭയ്ക്ക് നല്കപ്പെട്ടിരിക്കുന്നത്. സഭയുടെ ഈ ദൗത്യനിർവ്വഹണത്തിന് അനുയോജ്യരും സമർപ്പിതരുമായ പട്ടക്കാരെ പരിശീലിപ്പിക്കുന്ന ശുശ്രൂഷയിൽ കോട്ടയം മാർത്തോമ്മ വൈദിക സെമിനാരി 95 വർഷങ്ങൾ പിന്നിടുകയാണ്. 1926 ൽ ആറു വിദ്യാർത്ഥികളുമായി പ്രവർത്തനമാരംഭിച്ച സെമിനാരി ദൈവശാസ്ത്ര അഭ്യസനരംഗത്തു സെറാമ്പൂർ സർവ്വകലാശാലയിലെ ഏറ്റം പ്രധാനപ്പെട്ട ഒരു സ്ഥാപനമായി വളരുന്നതിനു സാധിച്ചു. ഇക്കാലയളവിൽ സെമിനാരിയുടെ പ്രവർത്തനങ്ങളിൽ വ്യാപരിച്ച ദൈവകൃപയ്ക്കായി നന്ദി കരേറ്റുന്നു. ബി.ഡി. പ്രോഗ്രാമിൽ നാല് ബാച്ചുകളിലായി 66 വിദ്യാർത്ഥികൾ ഇപ്പോൾ പഠനം നടത്തുന്നു. ബിരുദാനന്തര പഠനത്തിനും ഗവേഷണത്തിനുമായി എഫ്. എഫ്. ആർ. ആർ. സി.യുടെ കീഴിൽ വിവിധ സഭാ വിഭാഗങ്ങളിൽ നിന്നുള്ള 16 പേർ പഠിക്കുന്നു. സമകാലിക പശ്ചാത്തലത്തിൽ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനും സംഗതമായ ശുശ്രൂഷാസരണികൾ ആവിഷ്കരിക്കുന്നതിനും വൈദിക വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിനുള്ള ക്രിയാത്മകമായ പാഠ്യപദ്ധതിയാണ് സെമിനാരിക്കുള്ളത്. പട്ടത്വ ശുശ്രൂഷയിലേക്കുള്ള പരിശീലനകാലയളവിൽ വേദപുസ്തകത്തിന്റെ കാലികമായ വ്യാഖ്യാനവും ചുറ്റുപാടുകളുമായി സംവദിക്കുന്ന ക്രിയാത്മകമായ ദൈവശാസ്ത്ര അന്വേഷണങ്ങളും ആരാധനാക്രമങ്ങളും സഭയുടെ ചരിത്രവും സാക്ഷ്യവും വിശദീകരിക്കുന്ന പഠനങ്ങളും പാഠ്യപദ്ധതിയുടെ ഭാഗമാണ്.

ലോകം കോവിഡ് 19 മഹാമാരിയുടെ ഭീഷണിയിൽ ആയിരിക്കുമ്പോൾ അതിന്റെ പ്രതിഫലനങ്ങൾ സെമിനാരി പ്രവർത്തനങ്ങളെയും സാരമായി ബാധിച്ചു. ഈ അദ്ധ്യയനവർഷത്തെ ആദ്യ സെമസ്റ്റർ ഓൺലൈൻ ക്ലാസുകളായി ക്രമീകരിക്കേണ്ടി വന്നു. എന്നാൽ ഇപ്പോൾ എല്ലാ വിദ്യാർത്ഥികളും സെമിനാരിയിൽ താമസിച്ച് പഠനം തുടരുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതിന് ദൈവകൃപയാൽ സാധിച്ചു. സമാനതകളില്ലാത്ത ഒരു മഹാമാരിയുടെ കാലം സമൂഹത്തിൽ സൃഷ്ടിച്ച വേദനകളും നൊമ്പരങ്ങളും നമ്മുടെ മുമ്പിൽ തുറന്നുതരുന്നത് പുതിയ യാഥാർത്ഥ്യങ്ങളും പുതിയ വെല്ലുവിളികളുമാണ്. ഇത് നമ്മുടെ മുമ്പിലുയർത്തുന്ന പുത്തൻ സ്വാഭാവികത ഇതുവരെ നാം മുറുകെപിടിച്ച പലതിനെയും പുനർവായിക്കുവാനുള്ള നിയോഗമാണ് നല്കുന്നത്. ദൈവശാസ്ത്ര അഭ്യസനരംഗത്തും ഇത് പുതിയ വെല്ലുവിളികളും ഉൾക്കാഴ്ചകളും നല്കുന്നു. കാലത്തിന്റെ വെല്ലുവിളികളെ ഏറ്റെടുത്ത് സംഗതമായ സഭാ ശുശ്രൂഷ നിർവ്വഹിക്കുവാൻ അനുയോജ്യരായ വൈദികരെ പരിശീലിപ്പിക്കേണ്ടത് സഭയുടെ ഉത്തരവാദിത്വമാണ്. വൈദിക സെമിനാരിയുടെ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുകയും ആവശ്യമായ കൈത്താങ്ങലുകൾ നൽകേണ്ടതും അനിവാര്യമാണ് എന്നുള്ളത് ഇത്തരുണം ഓർമ്മപ്പെടുത്തട്ടെ.

കോവിഡ് മഹാമാരിമൂലം 2020 മാർച്ചിലെ വൈദിക സെമിനാരി സ്തോത്രകാഴ്ച ശേഖരിക്കുന്നതിന് സാധിച്ചിരുന്നില്ല. ഇത് സെമിനാരിയുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് പ്രതിബന്ധങ്ങൾ സൃഷ്ടിച്ചു. എന്നാൽ സെമിനാരിക്കുവേണ്ടി പ്രത്യേകം സ്തോത്രകാഴ്ച ശേഖരിച്ച് അയച്ചുതന്ന ചുരുക്കം ചില ഇടവകകൾ ഉണ്ട് എന്നത് നന്ദിയോടെ ഓർക്കുന്നു. നമ്മുടെ സെമിനാരിയെ ഓർത്ത് പ്രാർത്ഥിക്കുന്നതിനും സ്തോത്രകാഴ്ചയിലൂടെ സെമിനാരിയെ സഹായിക്കുന്നതിനും വേർതിരിച്ചിരിക്കുന്ന ദിവസമാണല്ലോ ഹോശാനഞായറാഴ്ച. ഈ വർഷം 60 ലക്ഷം രൂപായെങ്കിലും ലഭിച്ചുവെങ്കിൽ മാത്രമേ സെമിനാരിയുടെ പ്രവർത്തനം സുഗമമായി മുമ്പോട്ടു കൊണ്ടുപോകുവാൻ സാധിക്കുകയുള്ളു. അത് ലഭിക്കത്തക്കവിധം ഏവരും ഈ വർഷത്തെ വൈദിക സെമിനാരിക്കുവേണ്ടിയുള്ള സ്തോത്രകാഴ്ചയിൽ സഹകരിക്കണം എന്ന് ഓർമ്മിപ്പിക്കുന്നു. കോവിഡ് നിയന്ത്രണം നിലനില്ക്കുന്നതുകൊണ്ട് ഇടവകകളിലേക്ക് പ്രത്യേക കവറുകൾ എത്തിക്കുന്നതിന് ഈ വർഷം സാദ്ധ്യമാകുകയില്ല. ഈ സാഹചര്യം മനസിലാക്കി സെമിനാരിയുടെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക പിൻബലം നല്കുന്നതിന് എല്ലാവരും സഹകരിക്കണം. ഈ ഇനത്തിൽ ലഭിക്കുന്ന തുക മുഴുവനും Principal, Mar Thoma Theological Seminary, P.B. No. 287, Kottayam - 686 001, Kerala, S. India എന്ന വിലാസത്തിലോ, സഭാ ആഫീസിലോ 2021 എപ്രിൽ 30-ാം തിയതിക്കകം അയച്ചുകൊടുക്കുന്നതിന് ഇടവക ചുമതലക്കാർ ശ്രദ്ധിക്കുമല്ലോ.

സഭയുടെ ശുശ്രൂഷയിൽ സെമിനാരിയിലൂടെ ലഭിക്കുന്ന പരിശീലനം കാലാനുസരണവും അനുഗ്രഹകരവുമായി തുടരുന്നതിന് സഭയായി പ്രാർത്ഥിക്കുകയും, സഹകരിക്കുകയും ചെയ്യണമെന്ന് വീണ്ടും നാം ഉത്ബോധിപ്പിക്കുന്നു. പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു എന്നരുളിച്ചെയ്ത ക്രിസ്തുനാഥന്റെ വിളിയും നിയോഗവും ഉൾക്കൊണ്ട് ദൈവരാജ്യ പ്രവർത്തനത്തിൽ പങ്കാളികളാകുവാൻ ദൈവം നാമേവരേയും സഹായിക്കട്ടെ.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2021 മാർച്ച് 5-ാം തിയതി,

Theodosius
Malabar

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA
# DR. THEODOSIUS MAR THOMA METROPOLITAN

**Circular No. 10**

**Blessings to you all the Vicars, Resident Clergy,**
**Trustees and Members of all the Parishes under our authority**

Beloved in Christ,

Church is called out to live in this world as the sign and sacrament of the Kingdom of God and to bear witness to the unfathomable love of God. The Mar Thoma Theological Seminary is established to train ministers for the church with this focus and has completed 95 years in its ministry. Since its inception in 1926 with six students Seminary has grown as one of the prominent institutions for theological education under Serampore University. We praise God Almighty for His abundant blessing upon the Seminary over these years. Currently sixty-six students are doing their B.D. studies and 16 students from different ecclesiastical backgrounds are doing their Post-graduate and Doctoral studies under FFRRC. The Seminary prepares and equips the candidates to face the contemporary realities and the challenges of the time. Seminary follows a curriculum which gives due importance to biblical, theological, liturgical and pastoral training.

Covid 19 Pandemic affected all arenas human existence and this has its impact on the Seminary life also. Like other educational institutions we were also forced to close down the seminary due to lockdown and continued the classes through online platform during the First Semester. By now regular classes are resumed and all the students are staying in the campus and pursuing their studies. The new normal situation poses challenges before the church and theological education and compels us to revisit our life and routines. It is the responsibility of the church to equip and train ministers to face the challenges of the time and to become effective witnesses. Seminary is actively engaging in the process of training. So I urge the faithful to uphold the Seminary and its ministry and support Seminary in the endeavor.

The church has specially set apart the Palm Sunday to remember the Seminary in our prayers and to contribute generously to its needs. The Seminary requires at least 60 lakhs of rupees through Palm Sunday Offertory during this year. We were not able to collect the Palm Sunday offertory during 2020 March due to Covid 19 pandemic. This caused financial crisis to the seminary and the seminary is finding it difficult to meet the day to day expenses. However, very few parishes understood the need and supported the Seminary by collecting offertory and sending it to the Seminary. We are grateful to these Parishes, Vicars and office bearers for their generous support. Due to Covid 19, we cannot send envelops to the parishes for the offertory collection this year. Please understand the situation and do the needful to support the Seminary. I exhort you to contribute generously to the cause of the Seminary, and send the entire offerings to the Principal, Mar Thoma Theological Seminary, P B No. 287, Kottayam – 686 001, before 30th April 2021.

May the Grace, Peace and Blessings from the Triune God be with us all always

Dates 5th of March 2021 from the Poolatheen, Thiruvalla

Theodosius
Malabar

**Dr. Theodosius Mar Thoma Metropolitan**